"ഭരണഭാഷ - മാതൃഭാഷ"

നമ്പർ ഇ1/38560/2017/കോ.വിവ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 15.11.2017

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - സ്വകാര്യ എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക ജീവനക്കാരുടെ പ്രൊമോഷൻ പ്രൊപ്പോസൽ - സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ 19-10-2017 - ലെ കുറിപ്പു നം.ഇ4/15819/2017.

കോർപ്പറേറ്റ്/സിംഗിൾ മാനേജുമെന്റിനു കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ പ്രൊമോഷൻ പ്രൊപ്പോസലുകൾ അംഗീകരിച്ചുത്തരവ് ലഭ്യമാക്കുന്നതിന് യൂണിവേഴ്സിറ്റി അടിസ്ഥാനത്തിലുള്ള സീനിയോറിട്ടി ലിസ്റ്റിനനുസൃതമായി ക്രമപ്രകാരം മാത്രം അയയ്ക്കേണ്ടതാകുന്നു. സ്ഥാനക്കയറ്റം നൽകിയതു മുഖേനയുണ്ടാകുന്ന ഒഴിവിലേക്കാണ് ഒരു ജീവനക്കാരന് സ്ഥാനക്കയറ്റം നൽകുന്നതെങ്കിൽ ആദ്യം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരന്റെ പ്രൊമോഷൻ അംഗീകാര ഉത്തരവിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ടതാകുന്നു. അല്ലാത്ത പക്ഷം പ്രൊപ്പോസൽ നിരസിക്കുന്നതാണ്.കോളേജ്/ മാനേജ്മെന്റ് അധികൃതരുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഇത്തരം ബോധപൂർവ്വമായ വീഴ്ചകൾ കാരണം പ്രൊപ്പോസൽ അംഗീകാരത്തിന് ഉണ്ടാകുന്ന കാലതാമസത്തിന് ഈ കാര്യാലയം ഉത്തരവാദിയല്ലായെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-
1. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും ഇ - മെയിൽ അയയ്ക്കുന്നതിനും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
2. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കൊല്ലം (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരെയും മാനേജർമാരെയും അറിയിക്കേണ്ടതാകുന്നു)
3. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കോട്ടയം (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരെയും മാനേജർമാരെയും അറിയിക്കേണ്ടതാകുന്നു)
4. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, എറണാകുളം (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരെയും മാനേജർമാരെയും അറിയിക്കേണ്ടതാകുന്നു)
5. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തൃശ്ശൂർ (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരെയും മാനേജർമാരെയും അറിയിക്കേണ്ടതാകുന്നു)
6. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തൃശ്ശൂർ (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരെയും മാനേജർമാരെയും അറിയിക്കേണ്ടതാകുന്നു)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

259560

GOVERNMENT OF KERALA